# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 123

08-06-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ശിവൻകുട്ടി : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം പദ്ധതിക്കുള്ള ടെണ്ടർ ആദ്യമായി വിജ്ഞാപനം ചെയ്തത് എപ്പോഴായിരുന്നു ; എത്ര കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തു ; അതിൽ യോഗ്യത നേടിയ കമ്പനികൾ ഏതെല്ലാമായിരുന്നു ; | (എ) വിഴിഞ്ഞം പദ്ധതിയ്ക്കുള്ള ടെണ്ടർ 2005 ൽ ആണ് ആദ്യമായി വിജ്ഞാപനം ചെയ്തത്. ഈ ടെണ്ടറിൽ രണ്ടു പേർ പങ്കെടുത്തു. ഇതിൽ യോഗ്യത നേടിയ കമ്പനി Zoom Developers ആണ്. |
| (ബി) പ്രസ്തുത വിജ്ഞാപനം ഒഴിവാക്കി 2013 ഡിസംബർ 4-ാം തീയതി വീണ്ടും ടെണ്ടർ പുറപ്പെടുവിക്കാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ ; | (ബി) ആദ്യത്തെ ടെണ്ടറിൽ (2005) രണ്ടു പേർ പങ്കെടുത്തു. ഇതിൽ യോഗ്യത നേടിയകമ്പനിയ്ക്ക് (Zoom Developers) സുരക്ഷാനുമതി ലഭ്യമായില്ല. രണ്ടാമത്തെ ടെണ്ടറിൽ(2007) അഞ്ചു പേർ പങ്കെടുത്തു. ഇതിൽ മൂന്നു പേർ യോഗ്യത നേടി. ലാൻകോ എന്ന കമ്പനിയ്ക്ക് Letter of Intent (LOI) നല്കിയെങ്കിലും വ്യവഹാരത്തെ തുടർന്ന് അവർ പിൻവാങ്ങി. മൂന്നാമത്തെ ടെണ്ടറിൽ (2010) പതിനാലു പേർ RFQ വാങ്ങിയതിൽ പന്ത്രണ്ടു പേർ യോഗ്യത നേടുകയും രണ്ടു പേർ RFP സമർപ്പിക്കുകയും ചെയ്തു. ഇതിൽ സുരാക്ഷാനുമതി ലഭിച്ച ഏക കമ്പനിയായ വെൽസ്പൺ കൺസോർഷ്യം പദ്ധതിയുടെ അവർ ചെയ്യേണ്ട മൊത്തം പി.പി.പി. ഘടകമായ 970 കോടി രൂപയിൽ, 479.54 കോടി രൂപ |

ഗ്രാന്റായി ആവശ്യപ്പെട്ടു. സർക്കാർ ചെയ്യേണ്ട മറ്റു ഘടകങ്ങൾ ഒരു ഇ.പി.സി (എഞ്ചിനീയറിംഗ് പ്രൊക്വയർമെന്റ് കൺസ്ട്രക്ഷൻ) വഴി നടപ്പിലാക്കുന്നതിന് സർക്കാർ ടെണ്ടർ ചെയ്യേണ്ടതും സ്വകാര്യ പങ്കാളിയ്ക്ക് ആ ടെണ്ടറിന് First Right of Refusal നൽകേണ്ടതുമായിരുന്നു. ഈ ടെണ്ടർ സംസ്ഥാന സർക്കാർ സ്വീകരിച്ചില്ല. അതിനെ തുടർന്നാണ് 2013 ഡിസംബർ 4 ാം തീയതി വീണ്ടും ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ചത്.

(സി) പുനർ വിജ്ഞാപനത്തെത്തുടർന്ന് യോഗ്യത നേടിയ കമ്പനികൾ ഏതൊക്കെയായിരുന്നു ; അതിൽ ഏതെല്ലാം കമ്പനികൾ അടുത്ത ഘട്ടത്തിലേക്കുള്ള ആർ.എഫ്.പി. വാങ്ങുകയുണ്ടായി ;

(സി) പുനർ വിജ്ഞാപനത്തെ തുടർന്ന് (2013 ലെ ടെണ്ടറിൽ) യോഗ്യത നേടിയ അഞ്ചു കമ്പനികൾ ചുവടെ പറയുന്നവയാണ്.

- Gammon Infrastructure Projects Limited
- Consortium of Concast Infratech Ltd & Hyundai Engineering & Construction Co.Ltd.,
- Essar Ports Ltd,
- SREI – OHL Consortium
- Adani Ports & Special Economic Zone Ltd

ഇതിൽ Essar Ports Ltd, SREI – OHL Consortium, Adani Ports & Special Economic Zone Ltd എന്നീ മൂന്ന് കമ്പനികൾ RFP വാങ്ങുകയുണ്ടായി. എന്നാൽ അദാനി പോർട്ട്സ് & സ്പെഷ്യൽ എക്കണോമിക് സോൺ ലിമിറ്റഡ് മാത്രമാണ് ബിഡ് സമർപ്പിച്ചത്.

(ഡി) മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും ഉൾപ്പെടെയുള്ളവർ ആർ.എഫ്.പി. വാങ്ങിയ ഏതെല്ലാം കമ്പനികളുടെ പ്രതിനിധികളുമായി എന്തെല്ലാം കാര്യങ്ങൾ എവിടെയെല്ലാം വച്ച് എത്ര തവണ ചർച്ച നടത്തുകയുണ്ടായി വ്യക്തമാക്കുമോ ?

(ഡി) ആർ.എഫ്.പി വാങ്ങിയ കമ്പനി പ്രതിനിധികളുമായി നടന്ന ചർച്ചകളിൽ ഒന്നും തന്നെ മുഖ്യമന്ത്രിയോ ചീഫ് സെക്രട്ടറിയോ പങ്കെടുത്തിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Limited ന്റെ

ചെയർമാനുമായി, അദാനി ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെയും തുറമുഖ വകുപ്പു മന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖം), ഡൽഹി റസിഡന്റ് കമ്മിഷണർ, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, തുറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3 ന് ഡൽഹിയിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിയ്ക്കു മുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ കമ്പനിയിൽ താല്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം.

**സെക്ഷൻ ഓഫീസർ**